**കേരള സർക്കാർ**

**സംഗ്രഹം**

**തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം ജില്ലയിലെ നീണ്ടകര ഗ്രാമപഞ്ചായത്തിന്റെ 2011-12 വർഷത്തെ ആഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3.7(2)-ന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്**

**സ.ഉ. (സാധാ) നം. 219 /15/തസ്വഭവ. തിരുവനന്തപുരം,തീയതി: 21/01/2015**

---

**പരാമർശം:-**

1) നീണ്ടകര ഗ്രാമപഞ്ചായത്തിന്റെ 04/10/2013-ലെ N4-4574/2013-ാം നമ്പർ കത്ത്

2) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 12/09/2014-ലെ LF/PT1/6761/14-ാം നമ്പർ കത്ത്.

## ഉത്തരവ്

കൊല്ലം ജില്ലയിലെ നീണ്ടകര ഗ്രാമപഞ്ചായത്തിന്റെ 2011-12 ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.7(2) പ്രകാരം പത്ത് വർഷത്തിലധികം പഴക്കമുള്ള അനധികൃത കെട്ടിടങ്ങൾക്ക് ഭവനപുനരുദ്ധാരണത്തിന് കെട്ടിട നമ്പർ നൽകി സബ്സിഡി നൽകുന്നതിനായി 1,40,000/- (ഒരു ലക്ഷത്തി നാൽപതിനായിരം രൂപ മാത്രം) രൂപ ചെലവഴിച്ച പഞ്ചായത്ത് നടപടി ആഡിറ്റ് തടസ്സപ്പെടുത്തുകയും ടി തുകയ്ക്ക് സർക്കാർ സാധൂകരണം ലഭ്യമാക്കാനോ നഷ്ടത്തുക സെക്രട്ടറിയുടെയും നിർവ്വഹണ ഉദ്യോഗസ്ഥന്റെയും ബാദ്ധ്യതയായി കണക്കാക്കി തുക തിരിച്ചു പിടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനോ ആഡിറ്റ് വകുപ്പ് നിർദ്ദേശിച്ചിരുന്നു.

നീണ്ടകര ഗ്രാമപഞ്ചായത്തിന്റെ സവിശേഷമായ ഭൂമിശാസ്ത്ര പ്രത്യേകത പരിഗണിച്ചും പ്രദേശത്തെ മത്സ്യബന്ധനം നടത്തി ഉപജീവനം നടത്തുന്ന ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ആളുകളുടെ സാമൂഹികാവസ്ഥ പരിഗണിച്ചും പഞ്ചായത്ത് ആവശ്യപ്പെടുന്ന സമയത്ത് കെട്ടിടം പൊളിച്ച് നീക്കിക്കൊള്ളാമെന്ന് 100/- രൂപ മുദ്ര പത്രത്തിൽ എഗ്രിമെന്റ് എഴുതി വാങ്ങിയതിന്റെ അടിസ്ഥാനത്തിൽ ചെയ്ത ചെലവിന് പഞ്ചായത്ത് കമ്മിറ്റിയുടെ 12/02/2014-ലെ V-ാംനമ്പർ തീരുമാനാടിസ്ഥാനത്തിൽ സർക്കാർ സാധൂകരണത്തിനായി പഞ്ചായത്ത് പരാമർശം (1) പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ടി വിഷയം സംബന്ധിച്ച് പരാമർശം (2) പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ അനധികൃത കെട്ടിടങ്ങൾക്ക് അറ്റകുറ്റപ്പണിക്കായി തുക അനുവദിച്ച പഞ്ചായത്ത് നടപടിക്ക് സാധൂകരണം

നൽകിയാൽ ഭാവിയിൽ ഇത്തരം പ്രക്രിയകൾ ആവർത്തിക്കപ്പെടും എന്നും പദ്ധതി ഗുണഭോക്താക്കളുടെ സാമ്പത്തിക പരാധീനത കണക്കിലെടുത്ത് നിയമത്തിൽ ഇളവ് വരുത്തുന്നത് സംബന്ധിച്ച് സർക്കാർ തലത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളാവുന്നതാണ് എന്നും അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം ജില്ലയിലെ നീണ്ടകര ഗ്രാമപഞ്ചായത്തിന്റെ 2011-12 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.7(2) പ്രകാരം അനധികൃത കെട്ടിടങ്ങൾക്ക് ഭവന പുനരുദ്ധാരണത്തിന് കെട്ടിട നമ്പർ നൽകി സബ്സിഡി നൽകുന്നതിനായി 1,40,000/- രൂപ (ഒരു ലക്ഷത്തി നാല്പതിനായിരം രൂപ മാത്രം) ചെലവഴിച്ച പഞ്ചായത്ത് നടപടി പഞ്ചായത്തിന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഒരു പ്രത്യേക കേസായി പരിഗണിച്ച് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
സാലമ്മ എബ്രഹാം,
ഡെപ്യൂട്ടി സെക്രട്ടറി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം
സെക്രട്ടറി, നീണ്ടകര ഗ്രാമപഞ്ചായത്ത്, കൊല്ലം
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്ക്)

സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ